**File No. DIC/16195/2018-EA 1**

## തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ (i/c) നടപടിക്രമം

**(അവതരണം : സജിറോസ്.ജെ.എസ്.)**

നം.ഡി.ഐ.സി./16195/2018–ഇ.എ.1 തീയതി : 14/03/2019

വിഷയം :- വ്യവസായം – ജീവനക്കാര്യം – തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ റിവർഷനും, തസ്തികമാറ്റ സ്ഥാനക്കയറ്റവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1. 03.01.2014–ലെ സ.ഉ.(പി) നം.01/2014/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.
2. 19.07.2014–ലെ സ.ഉ.(പി) നം.21/2014/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.
3. 28.05.2015–ലെ സ.ഉ.(പി) നം.16/2015/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.
4. 20.06.2015–ലെ സ.ഉ.(പി) നം.19/2015/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.
5. ഈ ഓഫീസിലെ 22.03.2018 തീയതിയിലെ ഇ.എ.1/822/2014 നമ്പർ നടപടിക്രമം.
6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03.12.2018–ലെ ഉത്തരവ്.
7. 26.02.2019–ലെ സ.ഉ.(സാധാ) നം.201/2019/വ്യവ നമ്പർ സർക്കാർ ഉത്തരവ്.
8. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 01.02.2018 തീയതിയിലെ ഇ.ഇ.3/12983/2015 നമ്പർ നടപടിക്രമം.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേയ്ക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, താഴ്ന്ന വിഭാഗം ജീവക്കാർക്കും (എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവർ) യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ അതാത് വകുപ്പിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ പ്രയോഗ രീതി പരാമർശം (2) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്

ഇപ്രകാരം ജില്ലാതലത്തിൽ 10% തസ്തികകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റി വയ്ക്കാൻ കഴിയാത്ത വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ സംസ്ഥാന തലത്തിലുള്ള അംഗബലം കണക്കാക്കി അതിന്റെ 10 ശതമാനം തസ്തികമാറ്റ നിയമനത്തിനായി നീക്കി വയ്ക്കണമെന്ന ആവശ്യം പരിഗണിച്ചുകൊണ്ട് എല്ലാ ജില്ലാ, മേഖലാ തലങ്ങളിലും, എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ 10% നീക്കി വയ്ക്കാൻ ഏതെങ്കിലും വകുപ്പുകളിൽ സാധിക്കുന്നില്ലെങ്കിൽ ടി വകുപ്പുകളിൽ ടി തസ്തികകളിൽ

സംസ്ഥാനതലത്തിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10% തസ്തികമാറ്റ നിയമനത്തിന് മാറ്റിവയ്ക്കാനും, ഓരോ വകുപ്പിലേയും എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ സംസ്ഥാനതലത്തിലുള്ള അംഗബലത്തിന്റെ 10 ശതമാനത്തിൽ ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ തുടരാനും പരാമർശം (3) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ ഇപ്രകാരം എല്ലാ ജില്ലകളിലും എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ 10% നീക്കി വയ്ക്കാൻ കഴിയാത്ത വകുപ്പുകളിലൊന്നായ വ്യവസായ വാണിജ്യ വകുപ്പിൽ ജില്ലാതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ശ്രീമതി.ബിനുമോൾ.എൻ., ശ്രീ.ബിജു.കെ.തോമസ് എന്നീ ഓഫീസ് അറ്റൻഡന്റുമാർക്ക് തസ്തികമാറ്റം വഴി എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് പരാമർശം (5) പ്രകാരം സ്ഥാനക്കയറ്റം അനുവദിക്കുകയുണ്ടായി.

വ്യവസായ വാണിജ്യ വകുപ്പിൽ ഓഫീസ് അറ്റൻഡന്റുമാരായി സേവനമനുഷ്ഠിക്കുന്ന ശ്രീ.മുഹമ്മദ് അഷറഫ്, ശ്രീമതി.ലേഖാകുമാരി, ശ്രീ.പി.കെ.സാബു എന്നിവർ സംസ്ഥാനതലത്തിലെ തങ്ങളുടെ സീനിയോറിറ്റി മറികടന്ന് ജില്ലാ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് നടത്തിയ പ്രസ്തുത സ്ഥാനക്കയറ്റത്തിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A.No.2342/2018 നമ്പർ ഹർജി ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (6) പ്രകാരമുള്ള ഉത്തരവിൽ അപേക്ഷകരെയും, എതിർകക്ഷികളെയും നേരിൽ കേട്ട് അപേക്ഷകർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ച് 3 മാസത്തിനുള്ളിൽ തീർപ്പാക്കാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് സർക്കാർ തലത്തിൽ 31.01.2019 ൽ പരാതിക്കാരെയും, മറ്റ് കക്ഷികളെയും നേരിൽ കേട്ടു.

പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലകളിൽ ക്ലറിക്കൽ തസ്തികയിൽ മതിയായ അംഗബലമില്ലാത്തതിനാൽ നിലവിലെ വ്യവസ്ഥ പ്രകാരം വ്യവസായ വകുപ്പിൽ ജില്ലാതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റുമാരുടെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കാൻ കഴിയില്ല എന്നതാണ് സാഹചര്യം. സർക്കാർ തലത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ജില്ലാതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നടത്തിയ ഓഫീസ് അറ്റെന്റന്റുമാരുടെ സ്ഥാനക്കയറ്റങ്ങൾ പരാമർശം (1) മുതൽ (3) വരെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കാനും, വ്യവസായ വകുപ്പിനെ സംബന്ധിച്ച് തസ്തികമാറ്റ നിയമനത്തിന് ക്ലറിക്കൽ തസ്തികകൾക്ക് മതിയായ അംഗബലം ഇല്ലാത്ത ജില്ലകൾ ഉള്ളതിനാൽ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനങ്ങൾ സംസ്ഥാനതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നടത്തുവാനും പരാമർശം (7) പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പരാമർശം (5) പ്രകാരമുള്ള നടപടിക്രമം അനുസരിച്ച് തസ്തികമാറ്റ സ്ഥാനക്കയറ്റം ലഭിച്ചവരെ

ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്തും, അപ്രകാരം പരാമർശം (6) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിൽ വരുത്തിയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

## ഉത്തരവ്

മേൽ പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ സർക്കാർ ഉത്തരവനുസരിച്ച് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചു പരാമർശം (5) പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരെ തിരികെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്ത് ഉത്തരവാകുന്നു.

| ക്രമ നം. | പേരും ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസും | റിവർട്ട് ചെയ്ത് നിയമിക്കുന്ന ഓഫീസ് |
|---|---|---|
| 1. | **ശ്രീ.ബിജു.കെ.തോമസ്**<br>ക്ലാർക്ക്<br>ജില്ലാ വ്യവസായ കേന്ദ്രം, ഇടുക്കി. | ഓഫീസ് അറ്റൻഡന്റ്<br>ജില്ലാ വ്യവസായ കേന്ദ്രം, ഇടുക്കി. |
| 2. | **ശ്രീമതി.ബിനുമോൾ.എൻ.**<br>ക്ലാർക്ക്<br>ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്. | ഓഫീസ് അറ്റൻഡന്റ്<br>താലൂക്ക് വ്യവസായ ഓഫീസ്, വടകര. |

റിവർട്ട് ചെയ്യപ്പെട്ട ജീവനക്കാരുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സീനിയോറിറ്റി ആ കേഡറിലുള്ള പഴയ സ്ഥിതിയിൽ തുടരുന്നതായിരിക്കും
മേൽ സൂചിപ്പിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ **19000-43600/-** രൂപ ശമ്പള നിരക്കിൽ തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവാകുന്നു.

| സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | പേരും ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസും | തസ്തികമാറ്റം നൽകി നിയമിക്കപ്പെടുന്ന ഓഫീസ് |
|---|---|---|
| 3/90 | **ശ്രീ.മുഹമ്മദ് അഷറഫ് ചേലാട്ട്**<br>ഓഫീസ് അറ്റൻഡന്റ്<br>ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം. | കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 19/2000 | **ശ്രീ.ആറുമുഖം.സി.**<br>ഓഫീസ് അറ്റൻഡന്റ്<br>താലൂക്ക് വ്യവസായ ഓഫീസ്, പാലക്കാട്. | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 20/2000 | **ശ്രീമതി.ലേഖാകുമാരി**<br>ഓഫീസ് അറ്റൻഡന്റ്<br>താലൂക്ക് വ്യവസായ ഓഫീസ്, പത്തനംതിട്ട. | കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 21/2000 | **ശ്രീ.പി.കെ.സാബു**<br>ഓഫീസ് അറ്റൻഡന്റ്<br>കയർ പ്രോജക്ട് ഓഫീസ്, വടക്കൻ പറവൂർ. | കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം |

തസ്തികമാറ്റം മുഖേന നിയമനം നേടിയ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ജോലിയിൽ പ്രവേശിക്കുന്നതിലേയ്ക്ക് ടി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മുന്നറിയിപ്പ് കൂടാതെ സീനിയോറിറ്റി ലിസ്റ്റിലെ യോഗ്യതയുള്ള അടുത്ത ഉദ്യോഗസ്ഥന് നിയമനം നൽകുന്നതായിരിക്കും. ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ മൂന്നു വർഷത്തെ തുടർച്ചയായ സേവനത്തിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കും. ടി നിയമനം സർക്കാരിൽ നിന്നും ലഭിക്കുന്ന സ്പഷ്ടീകരണത്തിന് വിധേയമായി നിയമനാധികാരി പുന:പരിശോധിക്കുന്നതായിരിക്കും. ടി തസ്തികയിൽ നിർദ്ദിഷ്ട തീയതിയ്ക്കുള്ളിൽ റിലിങ്കിഷ് ചെയ്യാനുള്ള അവകാശവും ഉദ്യോഗസ്ഥർക്ക് ഉണ്ടായിരിക്കുന്നതാണ്.

തസ്തികമാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. നിലവിലെ നിയന്ത്രണാധികാരിയുടെ പരിധിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുൻപും, പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപും ടിയാൾ പരാമർശം (1) പ്രകാരം യോഗ്യത നേടിയിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്/-

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (i/c)

സ്വീകർത്താവ് : ബന്ധപ്പെട്ട ജീവനക്കാർ.

പകർപ്പ് :
1. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. ഡയറക്ടർ, കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
3. എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും,
4. പ്രോജക്ട് ഓഫീസർ, കയർ പ്രോജക്ട് ഓഫീസ്, വടക്കൻ പറവൂർ.
5. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, പത്തനംതിട്ട/ വടകര/ പാലക്കാട്.
6. ഇ.ഇ.സെക്ഷൻ/ ഐ.ടി.സെക്ഷൻ/ അക്കൗണ്ട്സ് സെക്ഷൻ/ സ്പാർക്ക്.

ഉത്തരവിൻ പ്രകാരം

Hiranmayi

സീനിയർ സൂപ്രണ്ട്